സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# സർട്ടിഫിക്കറ്റ് ഇൻ ഫാഷൻ ബിസിനസ്സ് മാനേജ്മെന്റ് (CFBM)

**2026 ജനുവരി സെഷൻ**

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷനിലെ സർട്ടിഫിക്കറ്റ് ഇൻ ഫാഷൻ ബിസിനസ്സ് മാനേജ്മെന്റ് (CFBM) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത പഠന കേന്ദ്രങ്ങളുടെ സഹായ ത്തോടെയാണ് തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ആറു മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. FB001: Introduction to Fashion Industry
2. FB002: Fashion Business Management
3. FB003: Fashion Entrepreneurship and Management
4. FB004: Practical (Internship)

ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ, എന്നീ മാർഗ്ഗങ്ങളിലൂടെയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 80 ശതമാനം ഹാജർ ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുവാനുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടു പാസ്സ് ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വ്യക്തിക്ക് ഫാഷൻ ബിസിനസ്സ് മാനേജ്മെന്റ് മേഖലയിൽ വേണ്ട അറിവും കഴിവും നൈപുണ്യവും ലഭിക്കും. സർട്ടിഫിക്കറ്റ് കോഴ്സിന് ചേരുന്നതിനുള്ള ഫീസ് 20,000/- രൂപയാണ്. ഫീസ് രണ്ട് തവണയായി അടയ്ക്കാവുന്നതാണ്. അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് ആദ്യതവണ ഫീസ് അടയ്ക്കണം. രണ്ട് ഗഡുക്കളായി അടയ്ക്കേണ്ട തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗഡു | അടയ്ക്കേണ്ട തുക | അടയ്ക്കേണ്ട തീയതി |
|---|---|---|---|
| 1. | ഒന്നാം ഗഡു | **10,200/-** | അപേക്ഷയോടൊപ്പം |
| 2. | രണ്ടാം ഗഡു | **10,000/-** | 2026 മാർച്ച് 31ന് മുൻപ് |

അപേക്ഷഫാറം അടങ്ങിയ പ്രോസ്പക്ടസ് 200/- രൂപ ഒടുക്കിയാൽ ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഡിസംബർ 31. അംഗീകൃത പഠനകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഠന കേന്ദ്രത്തിന്റെ വിശദാംശം, ബന്ധപ്പെടേണ്ട ഫോൺ നമ്പർ എന്നിവ ചുവടെ ചേർക്കുന്നു.

| **Contact Details of the Study Centre Offering Certificate in Fashion Business Management (CFBM)** | | |
|---|---|---|
| 1 | Thiruvananthapuram | Lavender Art and Craft Academy, 5/1605, Ground Floor, Nandhanam Building, Sreekariyam-Kulathoor Road, Chavadimukku, Sreekariyam, Thiruvananthapuram-695017<br>Ph. No: 8891105888 |

ഡയറക്ടർ